ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-01-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം രാജ്യത്തിൻറെ കീഴടക്കാൻ കഴിയാത്ത സാംസ്കാരിക പ്രഭാവത്തെ പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says Somnath temple's survival over the past thousand years reflects the country's indomitable civilisational spirit.**

2. ഇന്ത്യൻ തീര സംരക്ഷണ സേന തദ്ദേശീയമായി നിർമ്മിച്ച മലിനീകരണ നിയന്ത്രണ കപ്പൽ 'സമുദ്ര പ്രതാപ്' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് ഗോവയിൽ കമ്മീഷൻ ചെയ്തു.

   **Defence Minister Rajnath Singh commissions Indian Coast Guard's first indigenously built pollution control vessel 'Samudra Pratap' in Goa.**

3. വികസിത് ഭാരത് ജി റാം ജി നിയമം രാജ്യത്തെ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan says the Viksit Bharat–Gram Gram Act will strengthen rural infrastructure in the country.**

4. കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ നാളെ കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

   **Union Minister of State L. Murugan to attend various programmes in Kottayam tomorrow.**

5. തൊണ്ടി മുതൽ തിരിമറി കേസിൽ ശിക്ഷിക്കപ്പെട്ട ആന്റണി രാജുവിനെ എം.എൽ.എ സ്ഥാനത്ത് നിന്ന് അയോഗ്യനാക്കി നിയമസഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനം പുറത്തിറക്കി.

   **Kerala Legislative Assembly Secretariat issues a notification disqualifying Antony Raju from the post of MLA following his conviction in evidence tampering case.**

6. വെനിസ്വേലയിലെ യുഎസ് സൈനിക നടപടി ചർച്ച ചെയ്യുന്നതിനായി യു എൻ രക്ഷാ സമിതി ഇന്ന് അടിയന്തര യോഗം ചേരും.

   **UN Security Council to hold an emergency meeting to discuss US military operations in Venezuela.**

&&&&&&&&&&&&&&&&&&

**PM – SOMNATH (INTRO)**

ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം രാജ്യത്തിന്‍റെ കീഴടക്കാൻ കഴിയാത്ത സാംസ്കാരിക പ്രഭാവത്തെ പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. നൂറ്റാണ്ടുകളായി ആക്രമണങ്ങൾ ആവർത്തിച്ചിട്ടും ഈ ക്ഷേത്രം രാജ്യത്തിന്റെ ശാശ്വത ചൈതന്യമായി നിലകൊള്ളുന്നുവെന്നും അദ്ദേഹം പറഞ്ഞു. സോമനാഥ് ക്ഷേത്രത്തിന് നേരെയുണ്ടായ ആദ്യ വൈദേശിക ആക്രമണം നടന്നിട്ട്, ആയിരം വർഷം പിന്നിടുന്ന വേളയിൽ എഴുതിയ പ്രത്യേക ലേഖനത്തിലാണ് പ്രധാനമന്ത്രി ഇങ്ങനെ പരാമർശിച്ചത്. ക്ഷേത്രം പുനരുദ്ധാരണത്തിന് ശേഷം തുറന്നു നൽകിയിട്ട് 2026 ൽ 75 വർഷം പൂർത്തിയാകുമെന്നും ശ്രീ മോദി പറഞ്ഞു.

(വോയ്സ്)

പ്രധാനമന്ത്രി ഞായറാഴ്ച സോമനാഥ് ക്ഷേത്രം സന്ദർശിക്കും. സോമനാഥ് സ്വാഭിമാൻ പർവ്വിനോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## RAJNATH-SAMUDRA PRATAP

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് ധാർമ്മിക ഉത്തരവാദിത്തമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഇന്ത്യൻ തീര സംരക്ഷണ സേന തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് ആദ്യമായി നിർമ്മിച്ച മലിനീകരണ നിയന്ത്രണ കപ്പൽ 'സമുദ്ര പ്രതാപ്' ഗോവയിൽ കമ്മീഷൻ ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ കൂട്ടായ ദൃഢനിശ്ചയത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതീകമാണ് സമുദ്ര പ്രതാപ് എന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

114.5 മീറ്റർ നീളമുള്ള കപ്പലിന്റെ 60 ശതമാനത്തിലധികം ഭാഗവും തദ്ദേശീയമായാണ് നിർമ്മിച്ചത്. സമുദ്ര മലിനീകരണ നിയന്ത്രണങ്ങൾ, തിരച്ചിൽ, രക്ഷാപ്രവർത്തനം എന്നിവയ്ക്ക് പുറമേ സമുദ്രത്തിലെ എണ്ണച്ചോർച്ച തടയുന്നതിനുള്ള ആധുനിക സംവിധാനങ്ങളും കപ്പലിൽ സജ്ജമാണ്.

&&&&&&&&&&&&&&&&&&

## SHIVRAJ SINGH CHOUHAN

വികസിത് ഭാരത് ജി റാം ജി നിയമം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സുതാര്യത കൊണ്ടുവന്നതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ. തമിഴ്നാട്ടിലെ ഈറോഡിൽ കർഷകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതിയിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്ന തൊഴിൽ ദിവസങ്ങൾ 125 ആയി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുമെന്നും കേന്ദ്രമന്ത്രി ഉറപ്പു നൽകി. വികസിത് ഭാരത് ജി റാം ജി നിയമം രാജ്യത്തെ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുമെന്നും ശ്രീ ശിവരാജ് സിങ്ങ് ചൗഹാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAISHANKAR - PARIS

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ ഫ്രാൻസ്, ലക്സംബർഗ് സന്ദർശനം പുരോഗമിക്കുന്നു. ഇന്ന് ഫ്രാൻസിലെത്തിയ

വിദേശകാര്യ മന്ത്രി പാരീസിൽ ഫ്രഞ്ച് വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും. ഫ്രഞ്ച് അംബാസഡർമാരുടെ 31-ാമത് സമ്മേളനത്തിലും അദ്ദേഹം വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ തുണിത്തരങ്ങളുടെ സവിശേഷതകൾ പരിചയപ്പെടുത്തുന്ന പ്രദർശനം ശ്രീ ജയശങ്കർ ഇന്ന് വീക്ഷിച്ചു. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ ലക്സംബർഗിൽ എത്തുന്ന അദ്ദേഹം ലക്സംബർഗ് ഉപപ്രധാനമന്ത്രിയുൾപ്പെടെ ഉള്ളവരുമായി കൂടിക്കാഴ്ച നടത്തും. ലക്സംബർഗിലെ ഇന്ത്യൻ സമൂഹവുമായും ശ്രീ ജയശങ്കർ സംവദിക്കും.

&&&&&&&&&&&&&&&&&&

## Ashwini Vaishnaw

രാജ്യത്തെ ഇലക്ട്രോണിക്സ് ഉത്പാദനം കഴിഞ്ഞ 11 വർഷത്തിനിടെ ആറ് മടങ്ങ് വർദ്ധിച്ചതായി കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.റ്റി മന്ത്രി അശ്വിനി വൈഷ്ണവ്. കയറ്റുമതിയിലും ഇക്കാലയളവിൽ എട്ട് മടങ്ങ് വർദ്ധനയുണ്ടായി. ഇലക്ട്രോണിക് രംഗത്തെ തൊഴിൽ ശേഷി 25 ലക്ഷമായി ഉയർന്നെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJIV RENJAN SINGH

ദേശീയ ഫിഷറീസ് വികസന ബോർഡിൻറെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കുമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിങ്ങ്. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻറെ പരിശ്രമ ഫലമായാണ് തീരുമാനം. സംസ്ഥാനത്തെ ഫിഷറീസ് മേഖലയുടെ സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്രീ ജോർജ് കുര്യൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## DISCUSSIONS

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ ഏഴു ദശാബ്ദങ്ങളിലെ വിദ്യാഭ്യാസ പുരോഗതി എന്ന

വിഷത്തിൽ നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ കേരള കേന്ദ്ര സർവകലാശാല മുൻ പ്രൊ - വൈസ് ചാൻസലർ ഡോ. കെ ജയപ്രസാദ് സംസാരിക്കുന്നു.

&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസ ക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies/ എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

&&&&&&&&&&&&&&&&&

## ANTONY RAJU

തൊണ്ടി മുതൽ തിരിമറി കേസിൽ ശിക്ഷിക്കപ്പെട്ടതിനെ തുടർന്ന് ആന്റണി രാജുവിനെ എം.എൽ.എ സ്ഥാനത്ത് നിന്ന് അയോഗ്യനാക്കി. ഇത് സംബന്ധിച്ച വിജ്ഞാപനം നിയമസഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കി. ആൻറണി രാജുവിൻറെ അയോഗ്യതയെ തുടർന്ന് തിരുവനന്തപുരം നിയമസഭ സീറ്റിൽ ഈ മാസം 3 മുതൽ ഒഴിവ് വന്നതായി വിജ്ഞാപനത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&

## L Murugan

കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ നാളെ കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഐ.ഐ.എം.സി കോട്ടയം സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വിദ്യാർത്ഥികളുമായി സംവദിക്കും. കെപിഎസ് മേനോൻ ഹാളിൽ കേരള കൗമുദി സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം നാളെ വൈകുന്നേരം പങ്കെടുക്കും.

&&&&&&&&&&&&&&&&&

## SENSEX + GOLD (INTRO)

സംസ്ഥാനത്ത് സ്വർണ്ണ വിലയിൽ വീണ്ടും വർധന. ഇന്നു മൂന്നു തവണ വർധിച്ച് വില പവന് ഒരു ലക്ഷത്തി ആയിരത്തി മുന്നൂറ്റി അറുപതു രൂപയിലെത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 322 പോയിൻറ് താഴ്ന്ന് 85,439 ലും, നിഫ്റ്റി 78 പോയിൻറ് താഴ്ന്ന് 26,250 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

## US – VENEZUELA

വെനിസ്വേലയിലെ യുഎസ് സൈനിക നടപടി ചർച്ച ചെയ്യുന്നതിനായി യു എൻ രക്ഷാ സമിതി ഇന്ന് അടിയന്തര യോഗം ചേരും. കൊളംബിയയുടെ അഭ്യർഥനയെ തുടർന്നാണ് യോഗം. രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളായി റഷ്യയും, ചൈനയും ഇതിനെ പിന്തുണച്ച് രംഗത്ത് വന്നു. അപകടകരമായ കീഴ്വഴക്കമാണ് അമേരിക്ക വെനസ്വേലയിൽ നടത്തിയ സൈനിക നടപടിയെന്ന് യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് പ്രതികരിച്ചു. അന്താരാഷ്ട്ര നിയമങ്ങൾ മാനിക്കപ്പെടണമെന്നും അദ്ദേഹം വ്യക്തമാക്കി. വെനിസ്വേലയിലെ സമീപകാല സംഭവവികാസങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക പ്രകടിപ്പിച്ചു. ചൈനയും യുഎസ് നിലപാടിനെ ശക്തമായി വിമർശിച്ച് രംഗത്തു വന്നു.

&&&&&&&&&&&&&&&&&&

## KHALID-SC BAIL REFUSED

2020 ലെ ഡൽഹി കലാപ ഗൂഢാലോചന കേസിൽ ഉമർ ഖാലിദിനും ഷർജീൽ ഇമാമിനും സുപ്രീം കോടതി ജാമ്യം നിഷേധിച്ചു. ജസ്റ്റിസ് അരവിന്ദ് കുമാർ, ജസ്റ്റിസ് എൻ.വി അഞ്ജരിയ എന്നിവർ അടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിച്ചത്. പ്രതികൾക്കെതിരേ

UAPA നിയമ പ്രകാരം പ്രഥമദൃഷ്ട്യാ കേസ് നിലനിൽക്കുന്നതായി കോടതി നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&

## TRAIN DELAYED

രാജ്യത്തെ വടക്കൻ ഭാഗങ്ങളിലെ കനത്ത മൂടൽമഞ്ഞ് ട്രെയിൻ ഗതാഗതത്തെ സാരമായി ബാധിച്ചു. ഡൽഹിയിലേക്ക് പോകുന്ന 21-ലധികം ട്രെയിനുകൾ രണ്ട് മണിക്കൂറിലധികം വൈകിയാണ് ഓടുന്നത്. സ്റ്റേഷനിൽ എത്തുന്നതിനുമുമ്പ് യാത്രക്കാർ ട്രെയിനുകളുടെ തൽസ്ഥിതി പരിശോധിക്കണമെന്ന് റെയിൽവേ നിർദേശിച്ചു.

&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&